# 15 -ാം കേരള നിയമസഭ

## 12 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1071** **09-10-2024 - ൽ മറുപടിയ്ക്ക്**

## ജലജീവൻ മിഷൻ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജല ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ ഏതൊക്കെ ഗ്രാമപഞ്ചായത്തുകളാണ് ടാങ്ക് നിർമ്മാണത്തിനും മറ്റുമായി സ്ഥലം ഏറ്റെടുത്ത് വാട്ടർ അതോറിറ്റിക്ക് കൈമാറിയിട്ടുള്ളതെന്ന് അറിയിക്കാമോ; | (എ) | അമ്പലപ്പുഴ വടക്ക്, അമ്പലപ്പുഴ തെക്ക്, പുറക്കാട്, പുന്നപ്ര തെക്ക് പഞ്ചായത്തുകളാണ് സ്ഥലം കൈമാറിയിട്ടുള്ളത്. |
| (ബി) | ഇതിൽ ഏതൊക്കെ പഞ്ചായത്തുകളിലാണ് ടാങ്ക് നിർമ്മിക്കുന്നതിനുള്ള ഫണ്ട് അനുവദിച്ചിട്ടുള്ളത്; എവിടെയൊക്കെയാണ് നിർമ്മാണം ആരംഭിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | (ബി) | അമ്പലപ്പുഴ വടക്ക് പഞ്ചായത്തിൽ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. അമ്പലപ്പുഴ തെക്ക്, പുറക്കാട് പഞ്ചായത്തുകൾക്കായുള്ള ജലസംഭരണികളുടെ നിർമ്മാണ പ്രവൃത്തികൾക്കായുള്ള ദർഘാസ് നടപടികൾ പുരോഗമിച്ചു വരുന്നു. പുന്നപ്ര തെക്ക് പഞ്ചായത്തിൽ ടാങ്ക് നിർമ്മാണ പ്രവൃത്തി ജലജീവൻ മിഷനിൽ ഉൾപ്പെടുത്തിയിട്ടില്ല. |
| (സി) | സ്ഥലം നൽകിയിട്ടും ചില പഞ്ചായത്തുകളിൽ നിർമ്മാണ പ്രവൃത്തി ഇതേവരെ ആരംഭിക്കാത്തതിനുള്ള കാരണം വിശദമാക്കാമോ; | (സി) | അമ്പലപ്പുഴ തെക്ക്, പുറക്കാട് പഞ്ചായത്തുകൾക്കായുള്ള ജലസംഭരണികളുടെ നിർമ്മാണ പ്രവൃത്തികൾക്കായുള്ള ദർഘാസ് ക്ഷണിച്ചിട്ടും കരാറുകാർ ആരും പങ്കെടുക്കാത്തതിനാലാണ് പ്രവൃത്തികൾ ആരംഭിക്കുവാൻ കഴിയാത്തത്. |
| (ഡി) | പഞ്ചായത്തുകൾ പല പ്രോജക്ടുകളും മാറ്റി വച്ച് പ്രസ്തുത പദ്ധതിക്കായി സ്ഥലം വാങ്ങി നൽകിയിട്ടും നിർമ്മാണ നടപടികൾ ആരംഭിക്കാഞ്ഞതുമൂലം പഞ്ചായത്ത് ഭരണസമിതികളെ പ്രതിസന്ധിയിലാഴ്ത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രശ്നപരിഹാരത്തിന് എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | (ഡി) | അമ്പലപ്പുഴ തെക്ക്, പുറക്കാട് പഞ്ചായത്തുകളിൽ നൽകുവാനുള്ള ഗാർഹിക കണക്ഷനുകളും പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തിയും ടെണ്ടർ ചെയ്തതിൻ പ്രകാരം പുറക്കാട് പഞ്ചായത്തിൽ കരാറുകാരൻ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. അമ്പലപ്പുഴ തെക്ക് പഞ്ചായത്തിലെ പ്രവൃത്തിയുടെ ദർഘാസ് അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു വരുന്നു. അമ്പലപ്പുഴ തെക്ക് പഞ്ചായത്തിലും പുറക്കാടും നിർമ്മിക്കുവാനുദ്ദേശിക്കുന്ന ഉന്നതതല ജലസംഭരണിക്കും അതിലേയ്ക്കുള്ള പമ്പിംഗ് മെയിനിന്റേയും പ്രവൃത്തികളിൽ കരാറുകാരൊന്നും പങ്കെടുക്കാത്തതിനെ തുടർന്ന് ദർഘാസ് സമർപ്പണ തീയതി 18/10/2024 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികളുടെ ദർഘാസിൽ കരാറുകാരുടെ |

| | | | |
|---|---|---|---|
| | | | പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി കേരള വാട്ടർ അതോറിറ്റി പ്രത്യേകം കരാറുകാരുടെ യോഗം വിളിച്ചു ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ